**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6842** **21-03-2023 - ൽ മറുപടിയ്ക്ക്**

**വടകര മിനി സിവിൽ സ്റ്റേഷനിൽ വൈദ്യുതി വിച്ഛേദിക്കപ്പെട്ടത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വടകര മിനി സിവിൽ സ്റ്റേഷനിൽ 2023 മാർച്ച് മാസത്തിൽ വീണ്ടും വൈദ്യുതി വിച്ഛേദിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2023 മാർച്ച് 1 ന് വൈദ്യുതബന്ധം വിച്ഛേദിക്കുകയും 2023 മാർച്ച് 3 ന് വൈദ്യൂത ബന്ധം പുനസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വൈദ്യുതി ബിൽ കുടിശികയായത് കാരണമാണ് വൈദ്യുതി വിച്ഛേദിക്കുന്നത് എന്ന് വൈദ്യുതി വകുപ്പ് അറിയിച്ച സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടി എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ബി) | വടകര മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഓഫീസുകളിലെ വൈദ്യുത ചാർജ് അടവാക്കുന്നതിനായി പ്രത്യേകം മീറ്ററുകൾ ഇല്ലാത്തതിനാൽ ഓരോ ഓഫീസിന്റെയും വൈദ്യുതചാർജ് കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ ആണ് നിശ്ചയിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഓഫീസുകളും അവരുടെ വൈദ്യുതചാർജ് കെ.എസ്.ഇ.ബി യിൽ നേരിട്ട് അടവാക്കി വരികയാണ്. ചില ഓഫീസുകളിൽ അലോട്ട്മെന്റ് യഥാസമയം ലഭ്യമാകാത്തതിനാൽ വൈദ്യുതചാർജ് അടവാക്കാൻ സാധിക്കാതെ വരുമ്പോൾ മിനിസിവിൽ സ്റ്റേഷൻ കെട്ടിടത്തിലെ മുഴുവൻ വൈദ്യുതി വിച്ഛേദിക്കാൻ കാരണമാകാറുണ്ട്. ആയതിനാൽ ടി പ്രശ്നം പരിഹരിക്കുന്നതിനായി വടകര മിനി സിവിൽ സ്റ്റേഷനിലെ ഓരോ ഓഫീസുകൾക്കും പ്രത്യേകം മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ